**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **10-02-2025 - ൽ മറുപടിയ്ക്ക്**

**കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് അനുവദിച്ച പദ്ധതിയുടെ ബി.ഒ.ടി. കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാർബോറാണ്ടം യൂണിവേഴ്സൽ കമ്പനിക്ക് അനുവദിച്ച പദ്ധതിയുടെ ബിൽഡ് ഓപ്പറേറ്റ് ട്രാൻസ്ഫർ കാലാവധി ദീർഘിപ്പിച്ചു നൽകാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; ഇക്കാര്യത്തിൽ സർക്കാർ പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 1990-ലെ ചെറുകിട ജലവൈദ്യുതി നയത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സമ്മതത്തോടെ സർക്കാർ പത്തനംതിട്ട ജില്ലയിലെ മണിയാർ SHEP (12 MW) നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്ന തിനുമായി കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് Captive Power Plant (CPP) ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിരുന്നു.<br><br>പ്രസ്തുത സ്ഥാപനം നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കാർബൊറാണ്ടം കമ്പനി സർക്കാരി നോട് ആവശ്യപ്പെട്ടിരുന്നു.<br><br>30 വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ മേൽ പദ്ധതി ഏറ്റെടുക്കുന്നതിലേയ്ക്കായി കെ.എസ്.ഇ. ബി.എൽ കാർബൊറാണ്ടം കമ്പനിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായിപരിശോധിച്ചു വരുകയാണ്. കെ.എസ്. ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാന മെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ബി.ഒ.ടി. കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ അത് പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.-ക്ക് പ്രത്യക്ഷമായി നഷ്ടമുണ്ടാക്കുമെന്നും പരോക്ഷമായി വൈദ്യുതിചാർജ് വർദ്ധനയ്ക്ക് കാരണമാകുന്നുമെന്നുമുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 1990-ലെ ചെറുകിട ജലവൈദ്യുതി നയത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സമ്മതത്തോടെ സർക്കാർ പത്തനംതിട്ട ജില്ലയിലെ മണിയാർ SHEP (12 MW) നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്ന തിനുമായി കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് Captive Power Plant (CPP) ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിരുന്നു.<br><br>പ്രസ്തുത സ്ഥാപനം നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കാർബൊറാണ്ടം കമ്പനി സർക്കാരി നോട് ആവശ്യപ്പെട്ടിരുന്നു.<br><br>30 വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ മേൽ പദ്ധതി ഏറ്റെടുക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.എൽ കാർബൊറാണ്ടം കമ്പനിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായിപരിശോധിച്ചു വരുകയാണ്. കെ.എസ്. ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാന മെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | ഇത്തരം പ്രതിസന്ധി ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | (സി) | 1990-ലെ ചെറുകിട ജലവൈദ്യുതി നയത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സമ്മതത്തോടെ സർക്കാർ പത്തനംതിട്ട ജില്ലയിലെ മണിയാർ SHEP (12 MW) നിർമ്മിക്കുന്നതിനും പ്രവർത്തിപ്പിക്കുന്ന തിനുമായി കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡിന് Captive Power Plant (CPP) ബൂട്ട് അടിസ്ഥാനത്തിൽ അനുവദിച്ചിരുന്നു.<br><br>പ്രസ്തുത സ്ഥാപനം നടത്തുന്ന വ്യാവസായിക നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 വർഷത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് കാർബൊറാണ്ടം കമ്പനി സർക്കാരി നോട് ആവശ്യപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| | | | 30 വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ മേൽ പദ്ധതി ഏറ്റെടുക്കുന്നതിലേയ്ക്കായി കെ.എസ്.ഇ. ബി.എൽ കാർബൊറാണ്ടം കമ്പനിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>കമ്പനി നടത്തുന്ന തുടർനിക്ഷേപങ്ങളുടെയും അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും കണക്കിലെടുത്ത് കമ്പനിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവരുടെ അഭിപ്രായങ്ങൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളും സർക്കാർ വിശദമായിപരിശോധിച്ചു വരുകയാണ്. കെ.എസ്. ഇ.ബി.എൽ-ന് ദോഷകരമാകാത്തതും വ്യാവസായിക അന്തരീക്ഷത്തിന് ഗുണകരമാകുന്നതുമായ തീരുമാന മെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ